# പ്ളാച്ചിമടസമരം
## നഷ്ടപരിഹാരചിന്തകൾ...

**പ്ളാച്ചിമട** കോക്കകോള വിരുദ്ധസമരത്തിന്റെ ആവശ്യങ്ങളിൽ കമ്പനി പുറത്തുപോകുക എന്നതും നഷ്ടപരിഹാരം നൽകുക എന്നതും സമരത്തിന്റെ ആരംഭത്തിൽ തന്നെ ഉന്നയിക്കപ്പെട്ടിരുന്നു. പിന്നീട് കമ്പനി പുറത്തുപോകുക എന്നത് ഊന്നിപ്പറഞ്ഞുവെങ്കിലും നഷ്ടപരിഹാരം നൽകുക എന്ന ആവശ്യം ഉന്നയിച്ചു കണ്ടില്ല. ഇപ്പോൾ കഴിഞ്ഞ നാലഞ്ചുമാസമായി 'നഷ്ടപരിഹാരം നൽകി കമ്പനി പുറത്തു പോകുക' എന്ന ആവശ്യം സമരത്തെ പിൻ തുണയ്ക്കുന്ന പല സംഘടനകളും ശക്തമായി ആവശ്യപ്പെടുന്നുണ്ട്. സമരസമിതി പ്രവർത്തകരുടെ ഇടയിലും 'നഷ്ടപരിഹാരം' എന്ന ആശയം ഇപ്പോൾ വിശദമായ ആലോചനയ്ക്ക് വരുന്നതായി കാണുന്നുണ്ട്. ടോണി ക്ലാർക്ക്, വന്ദനാശിവ തുടങ്ങിയവരും ചില അന്തർദേശീയ സന്നദ്ധ സംഘടനകളും ചേർന്ന് സമരം അവസാനിപ്പിക്കുന്നതിന് മദ്ധ്യസ്ഥ റോളുകൾ വഹിക്കാൻ തയ്യാറാണെന്ന സന്ദേശം ഈയിടെ വെളിപെടുത്തപ്പെട്ടപ്പോൾ നഷ്ടപരിഹാരം നല്കാൻ കമ്പനിയോട് അവർ ആവശ്യപ്പെടാൻ തയ്യാറാണെന്നും വാർത്ത പുറത്തുവന്നിരുന്നു. ഈ പശ്ചാത്തലമാണ് സമരസമിതി പ്രവർത്തകരുടെ ഇടയിലും നഷ്ടപരിഹാരം എന്ന ആശയം കൂടുതൽ ആലോചിക്കാൻ പ്രേരണയായത്.

നഷ്ടപരിഹാരം എന്ന ആവശ്യം സമരാരംഭത്തിൽ ഉന്നയിക്കുകയും പിന്നീട് ഊന്നൽ നല്കപ്പെടാതിരിക്കുകയും ചെയ്തത് കുറ്റം ചെയ്തവർ ശിക്ഷിക്കപ്പെടണമെന്നല്ലാതെ അത് പണമീടാക്കാനുള്ള ഒരവസരമാക്കരുത് എന്ന നൈതികബോധം കൊണ്ടാകാം. ഇത് ഇന്ത്യൻ പാരമ്പര്യത്തിന്റെ ഒരു തുടർച്ചയാകാം തങ്ങൾ സമരം ചെയ്യുന്നത് പണം നേടാൻ വേണ്ടിയുള്ള ഒരു പ്രവൃത്തിയല്ലാത്തതുകൊണ്ട് അത്തരം ധാരണകൾ പരത്തുന്ന ആവശ്യം ഉന്നയിക്കേണ്ടതില്ല എന്ന് കരുതുന്നവർ സമരനേതൃത്വത്തിലുണ്ട്. കോക്കകോള വിരുദ്ധസമരത്തിൽ നഷ്ടപരിഹാരം എന്ന ആവശ്യം ഉന്നയിക്കാതിരിക്കാൻ പിന്നെയും ന്യായങ്ങളുണ്ട്. ഉദാഹരണത്തിന് ഒരു സ്ത്രീ ബലാൽസംഗം ചെയ്യപ്പെടുന്ന കേസിൽ നഷ്ടപരിഹാരം എന്നത് എത്രതന്നെ വലുതായാലും അത് കടന്നാക്രമണത്തിന് വിധേയമാകുന്ന സ്ത്രീയുടെ നഷ്ടപ്പെട്ട അഭിമാനത്തിന് തുല്യമാകില്ല. പ്ളാച്ചിമടയിലും മനുഷ്യാഭിമാനം ബലാൽക്കാരം ചെയ്യപ്പെട്ടത് തന്നെയാണ് പ്രശ്നം. അതും ഒരു നഷ്ടപരിഹാരം കൊണ്ടും നികത്താനാകാത്തതാണ്. അതുകൊണ്ട് പണം കൊണ്ട് വിലമതിക്കാനാകാത്തത് അതായിത്തന്നെ കരുതുകയും കുറ്റകൃത്യത്തെ ഇനി ആവർത്തിക്കപ്പെടാത്തവിധം പിൻതിരിപ്പിക്കുകയും ചെയ്യാവുന്ന നടപടികൾ ഉണ്ടായാൽമതി എന്ന നിലപാട് പ്ളാച്ചിമടസമരത്തിലെ നഷ്ടപരിഹാരക്കാര്യത്തിൽ എടുക്കാവുന്നതാണ്.

പ്ളാച്ചിമട സമരക്കാര്യത്തിൽ നഷ്ടപരിഹാരം എന്ന ആവശ്യം ഉന്നയിക്കുന്നതിലെ നൈതിക ചിന്തകൾ ഇപ്രകാരം തുടരട്ടെ എന്ന് വയ്ക്കുക. പക്ഷേ, സമരം പരിഹരിക്കുന്നതിന് ഇപ്പോൾ നടന്നുവരുന്ന മദ്ധ്യസ്ഥ ശ്രമങ്ങളിൽ കമ്പനി പ്രവർത്തനം നിർത്തി പോകുകയും പരിസ്ഥിതി നാശങ്ങൾ ഉണ്ടായത് നികത്തി തരികയും ചെയ്യാം എന്നതുമാണ് മദ്ധ്യസ്ഥരുടെ പരിഹാര നിർദ്ദേശമെങ്കിൽ സമര പ്രവർത്തകരുടെ ആലോചനകളിൽ പരിഗണിക്കേണ്ട ചില കാര്യങ്ങൾ ഉയർത്തിക്കൊണ്ടുവരികയാണ് ഈ കുറിപ്പുകൊണ്ട് ഉദ്ദേശിക്കുന്നത്.

പ്ളാച്ചിമട സമരം അവസാനിപ്പിക്കുന്നതിനുള്ള ആലോചനയിൽ പ്രവർത്തനം നിർത്തിവയ്ക്കാൻ കമ്പനി തയ്യാറാകുന്നുവെങ്കിൽ ഇത് സമരസമിതിയും ആവശ്യപ്പെട്ടിരുന്ന കാര്യമാണ് എന്നതുകൊണ്ട് എല്ലാവരാലും ഏകാഭിപ്രായത്തോടെ അംഗീകരിക്കപ്പെടും. ഈ ആവശ്യം നിറവേറ്റപ്പെടുന്നതുകൊണ്ട് മാത്രം സമരസമിതിയ്ക്ക് സമരം പിൻവലിക്കുകയോ സമരം വിജയിച്ചതായി കരുതുകയോ ചെയ്യാനാകുമോ? ഇല്ല, എങ്കിൽ ഈ അപൂർണ്ണതാബോധം നഷ്ടപരിഹാരം എന്ന ആശയത്തിലേക്ക് ഓരോ സമരപ്രവർത്തകരെയും വളരെ എളുപ്പം കൊണ്ടെത്തിക്കും. പ്ളാച്ചിമട പ്രശ്നത്തിൽ പണത്തിന്റെ മൂല്യത്തിലേക്ക് മാറ്റാവുന്നതും അത്തരത്തിൽ മാറ്റാൻ പറ്റാത്തതുമായ 'നഷ്ടങ്ങളുണ്ട്'

എന്നതാണ് പ്ളാച്ചിമടയിലെ നഷ്ടപരിഹാര ചിന്തയെ സങ്കീർണ്ണമാക്കാൻ പോകുന്ന കാര്യങ്ങളിൽ ഒരു ഘടകം. കോക്കകോള കമ്പനി പ്ളാച്ചിമടയിൽ ചെയ്ത കുറ്റകൃത്യങ്ങളേതൊക്കെ എന്ന് നിശ്ചയിക്കുന്നതിലെ അനിശ്ചിതത്വം ആയിരിക്കും സങ്കീർണ്ണതയെയുണ്ടാക്കുന്ന രണ്ടാമത്തെ ഘടകം. അതുകൊണ്ട് നിങ്ങളുടെ അഭ്യർത്ഥന പ്രകാരം കമ്പനിയുടെ പ്ളാച്ചിമടയിലെ പ്രവർത്തനം നിർത്തിവയ്ക്കാം. മറ്റ് എന്താണ് നിങ്ങൾക്ക് വേണ്ടത് എന്ന കോള മാനേജ്മെന്റിന്റെ വരാനിരിക്കുന്ന ചോദ്യത്തെ അതിസൂക്ഷ്മതയോടെ കൈകാര്യം ചെയ്തില്ലെങ്കിൽ തങ്ങൾക്കെതിരെയുള്ള സമരങ്ങളെ നേരിടുന്ന കോർപറേറ്റ് അധീശതന്ത്രങ്ങളിൽ പ്ളാച്ചിമട സമരപ്രവർത്തകരും കുടുങ്ങിപ്പോകാനിടയുണ്ട് എന്ന് ചില നിരീക്ഷകർ മുന്നറിയിപ്പ് നല്കുകയുണ്ടായി.

പ്ളാച്ചിമട സമരം അവസാനിപ്പിക്കുന്നതിന് ഉപാധിയായി മദ്ധ്യസ്ഥന്മാർ നിർദ്ദേശിക്കുന്നവയിൽ ഒന്ന് കമ്പനി പ്ളാച്ചിമടയിലെ പ്രവർത്തനം നിർത്തിവയ്ക്കാൻ തയ്യാറാകുമെന്നാണ്. എന്താണ് ഇത് സൂചിപ്പിക്കുന്നത്? ജനങ്ങൾ അവരുടെ മേൽ ഉന്നയിച്ച പരിസരമലിനീകരണം എന്ന കുറ്റം അവർ അംഗീകരിക്കുന്നുണ്ടോ? ജലചൂഷണത്തിൽനിന്ന് അവർ പിന്മാറുന്നുവെന്നാണോ? പിന്മാറുന്നുവെങ്കിൽ പിന്മാറുന്നത് പ്ലാച്ചിമടയിൽ നിന്നാണോ, ജലചൂഷണത്തിൽ നിന്നാണോ? മറ്റൊരിടത്ത് പോയി മലിനീകരണവും ജലചൂഷണവും തുടരാനാകും എന്നതുകൊണ്ട് പ്ളാച്ചിമട ശല്യം ഒഴിവാക്കാനല്ലേ കോക്കകോള പ്ളാച്ചിമട സമരം തീർക്കാനൊരുങ്ങുന്നത്? ഈ സമരം തീർക്കലിനോട് പ്ളാച്ചിമടയിൽ 3 വർഷമായി സമരം ചെയ്യുന്നവരുടെ സമീപനം എന്തായിരിക്കണം?

2002 ഏപ്രിൽ 22-ന് കോക്കകോള വിരുദ്ധസമരം ആരംഭിക്കുമ്പോൾ പ്ളാച്ചിമടയിലെ കുടിവെള്ള മലിനീകരണത്തിന്റെയും കാർഷികോല്പാദന കുറവിന്റെയും അമിത ജലോപയോഗത്തിന്റെയും പ്രശ്നങ്ങളാണ് കോക്കകോളയ്ക്ക് എതിരെ ഉന്നയിക്കപ്പെട്ടിരുന്നത്. കോക്കകോളയെ പുറത്താക്കുക എന്നത് അന്ന് ഈ പ്രശ്നങ്ങൾക്ക് പരിഹാരവുമായിരുന്നു. പിന്നീട് 2003 ഏപ്രിൽ 7-ന് പെരുമാട്ടി പഞ്ചായത്ത് കോക്കകോളയുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതിന് മറ്റു കാരണങ്ങളും ചൂണ്ടിക്കാണിച്ചിരുന്നു. പെരുമാട്ടി ഗ്രാമപഞ്ചായത്ത് ഇതുവരെ 26 ആരോപണങ്ങൾ കോക്കകോളയ്ക്ക് എതിരേ ഉന്നയിച്ചിട്ടുണ്ടെന്നും അതിൽ ഒന്ന് മാത്രമാണ് കേരള ഹൈക്കോടതി ഇപ്പോൾ പരിഗണിച്ചിരിക്കുന്ന അമിത ജലോപയോഗപ്രശ്നം എന്നത് എന്ന് മുൻഎക്സ്.എം.എൽ.എ കൃഷ്ണൻകുട്ടി 2005 മാർച്ച് 20-ന് സോളിഡാരിറ്റി യൂത്ത് മൂവ്മെന്റ് എന്ന സംഘടന സംഘടിപ്പിച്ച പ്ളാച്ചിമട സമ്മേളനത്തിൽ നടത്തിയ പ്രസംഗത്തിൽ പറയുകയുണ്ടായി. സമരമാരംഭിച്ച് ഒരുവർഷം കഴിഞ്ഞശേഷം 2003 ജൂലൈ 25-നാണ് പ്ളാച്ചിമട കോക്കകോള കമ്പനിയിലെ ഖരമാലിന്യത്തിൽ വിഷുവസ്തുക്കളുണ്ടെന്ന കാര്യം ബി.ബി.സി വെളിപെടുത്തിയത്. പിന്നീട് കേരള മലിനീകരണ നിയന്ത്രണ ബോർഡിന്റെയും കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെയും പരിശോധനയിൽ ഈ വെളിപ്പെടുത്തൽ സ്ഥിരീകരിക്കുകയും ചെയ്തു. രഹസ്യമായി ചെയ്തിരുന്ന ഈ കുറ്റം പരസ്യമാക്കപ്പെടുകയും സ്ഥിരീകരിക്കപ്പെടുകയും ചെയ്തതിന് സമ്മാനമെന്നോണം കമ്പനി ഇനിയും തുടർന്ന് പ്രവർത്തിക്കുകയാണെങ്കിൽ ജനങ്ങളുടെ അനുമതിയില്ലാതെതന്നെ വലിയൊരു വിഷമാലിന്യകൂമ്പാരവും പ്ളാച്ചിമടയിൽ കമ്പനി ഒരുക്കുന്നുണ്ട്. അതായത് 2002 ഏപ്രിൽ 22-ന് സമരമാരംഭിക്കുമ്പോൾ പ്ളാച്ചിമടയിലെ കോക്കകോളയുടെ കുറ്റകൃത്യങ്ങൾ മനസ്സിലായിരുന്നതിനെക്കാൾ കൂടുതലും ആഴത്തിലുമുള്ളതാണ് ഇപ്പോൾ വെളിപ്പെട്ടിരിക്കുന്നത് എന്നാണ് പുതിയ തെളിവുകൾ സൂചിപ്പിക്കുന്നത്. പ്ളാച്ചിമടയിലെ കോക്കകോളയുടെ കുറ്റകൃത്യങ്ങളായി ഇതുവരെ ലഭിച്ച തെളിവുകളുടെ അടിസ്ഥാനത്തിൽ ചില ലേഖകന്മാർ ക്രോഡീകരിച്ചിരിക്കുന്നത് ഇപ്രകാരമാണ്. '1. പ്രവർത്തനാരംഭത്തിന് മുമ്പ് ലഭിക്കേണ്ട നിയമപരമായ അനുമതികൾ പലതും ലഭിക്കാതെതന്നെ കമ്പനി ഉല്പാദനമാരംഭിച്ചു. 2. കമ്പനിയുടെ ഉല്പാദനരീതി പരിസരമലിനീകരണം ഉണ്ടാക്കാനിടയുള്ളതാണെന്ന് അറിഞ്ഞിട്ടും കാർഷിക സമൃദ്ധവും ജനങ്ങൾ തിങ്ങിപ്പാർക്കുന്നതുമായ പ്ളാച്ചിമടയിൽ തന്നെ കോക്കകോള കമ്പനി സ്ഥാപിച്ചു. പരിസരമലിനീകരണമുണ്ടായ ശേഷവും ജനങ്ങളുടെ പരാതി പരിഗണിക്കാതെ കമ്പനിമൂലമല്ല മലിനീകരണമെന്ന് വാദിച്ച് ജയിക്കാൻ കമ്പനി ഇപ്പോൾ പെരുങ്കള്ളങ്ങൾ നിരത്തുന്നു. 3. കമ്പനിയിൽനിന്നുള്ള ഖരമാലിന്യങ്ങളിൽ വിഷപദാർത്ഥങ്ങളുണ്ടാകാമെന്നറിഞ്ഞിട്ടും അത് വളമാണെന്ന് തെറ്റിദ്ധരിപ്പിച്ച് കർഷകർക്ക് വിൽക്കുകയും, നദീതടങ്ങളിൽ അനധികൃതമായി നിക്ഷേപിക്കുകയും, പരിസരത്തെ പഞ്ചായത്ത് കിണർ ഘനലോഹങ്ങളാൽ മലിനമാകാനിടവരുത്തുകയും ചെയതു. ഇനി കമ്പനി തുടർന്നു പ്രവർത്തിക്കുകയാണെങ്കിൽ പ്ളാച്ചിമടയിൽ വിഷമാലിന്യക്കൂമ്പാരം ഉയർന്നുവരികയും ചെയ്യും. 4. നൂറ്റാണ്ടുകളായി ഊറിക്കൂടുന്നതും തലമുറകൾക്ക് കൂടി അവകാശപ്പെട്ടതുമായ ഭൂഗർഭജലം കമ്പനിയുടെ ലാഭവർദ്ധനവിനുവേണ്ടി മാത്രം സാമൂഹിക പ്രാധാന്യമില്ലാത്ത വസ്തുക്കളുല്പാദിപ്പിക്കാൻ, പരിസ്ഥിതി ആഘാതങ്ങളുണ്ടാകാമെന്നറിഞ്ഞിട്ടും, അമിതോപയോഗം നടത്തുന്നു. വരൾച്ചാബാധിതപ്രദേശമായ പ്ളാച്ചിമടയിലെ ഗ്രാമസഭയും ഊരുകൂട്ടങ്ങളും ഗ്രാമപഞ്ചായത്ത് തന്നെയും അമിതമായ ഭൂഗർഭജലോപയോഗവും മലിനീകരണവും നിർത്തി പുറത്തുപോകാൻ കമ്പനിയോട് ആവർത്തിച്ചാവർത്തിച്ചഭ്യർത്ഥിച്ചിട്ടും തങ്ങൾ എടുക്കുന്നതിനെക്കാൾ കൂടുതൽ വെള്ളം തിരിച്ചുകൊടുക്കുന്നുവെന്ന കപടവാദങ്ങളുമായി ജീവനോപാധികൾ നശിപ്പിച്ചുകൊണ്ട് കമ്പനി പ്രവർത്തനം തുടരുവാൻ ശ്രമിക്കുകയാണ്. 5. ജനങ്ങളുടെ പരാതികൾ നിഷ്പക്ഷമായി പരിഹരിക്കാൻ ബാദ്ധ്യസ്ഥരായ ഭരണാധികാരികളെയും വിദഗ്ദ്ധസ്ഥാപനങ്ങളെയും നിഗൂഢവൃത്തികളിലൂടെ കൈയിലെടുത്ത് കമ്പനിമൂലമുള്ള യാതനകൾക്കെതിരേ സമരം ചെയ്യുന്ന ജനങ്ങളുടെ മേൽ വിജയം നേടാൻ കമ്പനി ശ്രമിക്കുന്നു. 6. കമ്പനിയുടെ ഉടമസ്ഥതാസ്വഭാവം ഉല്പാദനപ്രക്രിയയിലെ വിഷപദാർത്ഥ സ്രോതസ്സ്, മാലിന്യനിർമ്മാർജ്ജനത്തിന്റെ വരവ് ചെലവ് കണക്കുകൾ, പരിസ്ഥിതി ആഘാതവിവരങ്ങൾ, ലാഭവിഹിതം തുടങ്ങിയവ രഹസ്യമായിവച്ചുകൊണ്ട് അവിഹിത വൃത്തികളിലൂടെ പ്ളാച്ചിമടയിലെ അതിക്രമങ്ങളെ മറച്ചുവയ്ക്കാൻ കമ്പനി ശ്രമിക്കുന്നു.'

Regd. with Registrar of Newspaper of India under No. 71285/99. Printed, Published and Owned by K. S. Pramod at Keralyeeam, Thrissur-21
Printed at Ayodhya Printers Pvt. Ltd., Kochi- for Padabhetham Printers, Thrissur-2 Editor: K.S. Pramod. Phone : 0487-2421385, E-mail: keraleeyamtcr@rediffmail.com




പ്ലാച്ചിമട സമരപ്പന്തൽ - ഒരു ദൃശ്യം

ഫോട്ടോ: മധുരാജ്

പ്ളാച്ചിമട സമരം തുടരുന്നതിലൂടെ കോക്കകോളയുടെ പ്ളാച്ചിമടയിലെ കുറ്റകൃത്യങ്ങൾ ആഗോളമായി കൂടുതൽ വ്യാപകമായി അറിയപ്പെടാൻ തുടങ്ങിയപ്പോൾ കുറ്റവിചാരണകളിൽ നിന്ന് തലയൂരാൻ അന്തർദേശീയ പ്രശസ്തിയുള്ള സാംസ്കാരിക നായകന്മാരെ മദ്ധ്യസ്ഥന്മരാക്കി കോള മാനേജ്മെന്റ് നടത്തുന്ന കോർപറേറ്റ് കളികളാണ് ഇപ്പോൾ നടക്കുന്ന പ്ളാച്ചിമട സമരം തീർക്കൽ ശ്രമം എന്ന് ചില നിരീക്ഷകന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. പ്ളാച്ചിമടയിലെ കോക്കകോളയുടെ എല്ലാ ഗുരുതരമായ കുറ്റകൃത്യങ്ങളെയും മറച്ചുവച്ച് പ്ളാച്ചിമട പ്രശ്നം വെറും ജലചൂഷണ പ്രശ്നമാക്കി ലഘൂകരിച്ച് പ്രചരിപ്പിക്കുന്നതിന് ശ്രമിച്ചുകൊണ്ടിരിക്കുന്നവരാണ് വന്ദനശിവ തുടങ്ങിയവർ മാത്രമല്ല ഇത്തരമൊരു സമരം തീർക്കലിലൂടെ സഹോദര ജനങ്ങളുടെ പരാതികൾ കണക്കിലെടുക്കുന്ന കോർപറേറ്റ് കടമ നിറവേറ്റുന്നവരും പരിസ്ഥിതി സംരക്ഷിക്കുന്നവരുമാണ് കോക്കകോള എന്ന അന്തർദേശീയ ഇമേജും കോള മാനേജ്മെന്റിന് നേടാനാകും. പ്ളാച്ചിമടയിലെ കോക്കകോള കമ്പനി പ്രവർത്തനം നിർത്തിവയ്ക്കുകയും കേടുവന്ന കിണറുകൾ നന്നാക്കുന്നതിന് ചിലവുകൾ വഹിക്കുകയും ചെയ്യാം എന്ന ഒരു ധാരണയിൽ പ്ളാച്ചിമട സമരം അവസാനിപ്പിക്കുകയാണെങ്കിൽ ഈ നടപടികളിലൂടെ സമരം കൊണ്ട് പ്ളാച്ചിമടക്കാർ ഉദ്ദേശിച്ച ലക്ഷ്യങ്ങൾ നിറവേറ്റപ്പെടുമോ എന്ന് കോക്കകോള വിരുദ്ധസമരസമിതി ആലോചിക്കേണ്ടിവരുന്ന ഘട്ടമാണിത്. പ്ളാച്ചിമട പ്രശ്നത്തിൽ കോക്കകോള നല്കേണ്ട നഷ്ടപരിഹാരം ചില കിണറുകൾ കേടുപാട് തീർക്കാനുള്ള ചില്ലിക്കാശ് മദ്ധ്യസ്ഥന്മാരുമായി പറഞ്ഞുറപ്പിക്കുകയാണോ വേണ്ടത്. അതോ കോക്കകോളയുടെ പ്ളാച്ചിമടയിലെ കുറ്റകൃത്യങ്ങൾ മറ്റൊരിടത്തും ആവർത്തിക്കപ്പെടാനിടയാകാത്ത സാഹചര്യം സൃഷ്ടിക്കപ്പെടുന്ന വിധത്തിൽ നിയമപരവും സാമൂഹികവുമായ ഒരു കുറ്റവിചാരണയിലൂടെ നഷ്ടം നിശ്ചയിക്കപ്പെടുകയാണോ വേണ്ടത് എന്നാണ് പ്ളാച്ചിമട സമരപ്രവർത്തകർ നഷ്ടപരിഹാര ആലോചനയിൽ പരിഗണിക്കേണ്ടത്.

ഒരു ഉദാഹരണം പറയാം. മുകളിൽ പറഞ്ഞ 6-ാം മത്തെ ഇനം കുറ്റകൃത്യത്തിൽ പരിസ്ഥിതി ആഘാതവിവരങ്ങൾ എന്ന് സൂചിപ്പിക്കുന്നുണ്ടല്ലോ. കമ്പനി അവകാശപ്പെടുന്നത് തങ്ങൾ പ്രവർത്തനാരംഭത്തിന് മുമ്പും പിമ്പും പരിസ്ഥിതി ആഘാതപഠനം നടത്തിയിരുന്നുവെന്നും ഗവണ്മെന്റിലേക്ക് സമർപ്പിച്ചിരുന്നു എന്നുമാണ്. പക്ഷേ, ആരും ആ റിപ്പോർട്ട് കണ്ടവരില്ല. ഇനി പഠനം നടത്തിയിട്ടുണ്ടെന്ന് വയ്ക്കുക. പരമാവധി ഒരു ദിവസം 8 ലക്ഷം സംസ്കരിച്ച മലിനജലം സൂക്ഷിക്കാനുള്ള ശേഷിയാണ് കമ്പനിയ്ക്കുള്ളത് എന്നാണ് കേരള മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഒരു റിപ്പോർട്ടിൽ പറയുന്നത് (സെപ്റ്റംബർ 2003). ഈ 8 ലക്ഷം ലിറ്റർ ദിവസന്തോറും കമ്പനിപരിസരത്ത് നനച്ച് മലിനജലം നിർമ്മാർജ്ജനം ചെയ്താൽ പരിസരത്തെ കിണറുകളെ ബാധിക്കുമോയെന്ന് പരിസ്ഥിതി ആഘാതപഠനത്തിൽ പരിശോധിച്ചിട്ടുണ്ടോ? പരിശോധിച്ചിട്ടുണ്ടെങ്കിൽ അതിന്റെ ഫലം എന്താണ്? കമ്പനി പ്രവർത്തനമാരംഭിച്ച് പരിസരത്തെ കിണറുകൾ മലിനമാക്കപ്പെട്ടപ്പോൾ പരാതിയുമായി ചെന്ന വേലൂർ സ്വാമിനാഥനോടും കൂട്ടുകാരോടും കമ്പനിഉദ്യോഗസ്ഥൻ പറഞ്ഞത് ഇത്തരം മലിനീകരണമൊക്കെ ഉണ്ടാകുമെന്ന് തങ്ങൾക്ക് നേരത്തെ അറിയാമെന്നാണ്. എന്താണിത് വ്യക്തമാക്കുന്നത്? പരിസരമലിനീകരണമുണ്ടാകുമെന്നറിഞ്ഞിട്ടും ആളുകൾ തിങ്ങിപ്പാർക്കുന്ന കോളനികൾക്കടുത്ത് ഫാക്ടറി സ്ഥാപിക്കുക. ഇത്തരം കുറ്റകൃത്യത്തിന് എങ്ങനെയാണ് നഷ്ടപരിഹാരം കണക്കാക്കുക? എങ്കിലും നഷ്ടപരിഹാരമവശ്യപ്പെടുമ്പോൾ ഇത്തരം കുറ്റകൃത്യങ്ങൾ കൂടി കണക്കിലെടുക്കുവാൻ വിട്ടുപോവേണ്ടതില്ല.

മൂന്ന് വർഷത്തോളമായി പ്ളാച്ചിമടയിൽ സമരം ചെയ്തുകൊണ്ടിരിക്കുന്ന സമരപ്രവർത്തകർ ഓരോരുത്തരും സമരത്തിന്റെ ലക്ഷ്യവും ആവശ്യങ്ങളും എന്തൊക്കെയാണെന്നും വീണ്ടും വീണ്ടും ആലോചിച്ചുകൊണ്ടിരുന്നാൽ മാത്രമേ കോർപറേറ്റ് കെണികളിൽ വീഴാതെ സമരം വിജയിപ്പിക്കാനാകൂ എന്നാണ് കോക്കകോള വിരുദ്ധസമരത്തിന്റെ നഷ്ടപരിഹാരചിന്തയിലെ അനിശ്ചിതത്വങ്ങൾ കാണിക്കുന്നത്. പ്ളാച്ചിമടയിലെ നഷ്ടപരിഹാര ചിന്തകളിലെ സങ്കീർണ്ണതകൾ ഓരോരുത്തർക്കും മാത്രമായി കണ്ടെത്തുവാൻ പ്രയാസമാകാമെന്നതുകൊണ്ട് ഇതേക്കുറിച്ച് പരിചയസമ്പന്നരായവരുടെ സഹായത്തോടെ സമരപ്രവർത്തകർ കൂട്ടായിരുന്ന് ചിന്തിക്കുകയാകും വഴി.

പ്ളാച്ചിമട സൗഹൃദസംഘം
25 മാർച്ച് 2005